"ഭരണഭാഷ – മാതൃഭാഷ"

**വ്യാവസായിക പരിശീലന വകുപ്പ്**

**(കേരള സംസ്ഥാനം)**

**ജോയിന്റ് ഡയറക്ടറുടെ നടപടിക്രമം**

**(നിലവിൽ: ഷമ്മി ബേക്കർ.എ)**

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ് - ട്രെയിനിംഗ് ഡയറക്ടറേറ്റ് - ജീവനക്കാര്യം - ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ നിന്നും സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നത് - സംബന്ധിച്ച്

പരാമർശം:-
1. സ.ഉ നം. (പി)/408/71/പി.ഡി., തീയതി: 29.11.1971
2. സ.ഉ നം. (എം.എസ്)/105/72/എൽ.ബി.ആർ., തീയതി: 23.11.1972
3. സ.ഉ നം. (എം.എസ്)/111/12/എൽ.ബി.ആർ., തീയതി: 25.07.2012
4. ജോയിന്റ് ഡയറക്ടറുടെ 23.06.2023, 01.07.2023, 04.07.2023 തീയതികളിലെ ഡി.റ്റി/564/2023/എ2 നമ്പർ ഉത്തരവ്
5. ജോയിന്റ് ഡയറക്ടറുടെ 14.02.2023 ലെ ഡി.റ്റി/92/2021/എ2 നമ്പർ ഉത്തരവ്

**ഉത്തരവ് നമ്പർ: DT/1278/2024-A2 തീയതി: 20-06-2024**

പരാമർശം (1) അനുസരിച്ചുള്ള കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് (1971) ചട്ടം 3 (2) പ്രകാരം സീനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഉണ്ടാകുന്ന നാല് ഒഴിവുകളിൽ ആദ്യ മൂന്നെണ്ണം ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജനറൽ ക്വോട്ടയിൽ നിന്നും നാലാമത്തേത് ഡിപ്ലോമ യോഗ്യതയുള്ളവരിൽ നിന്നും സ്ഥാനക്കയറ്റം നൽകുന്നതിനും വ്യവസ്ഥ ചെയ്തിരിക്കുന്നു. പരാമർശം (2) ലെ ഉത്തരവ് പ്രകാരമാണ് വകുപ്പിലെ ഇൻസ്ട്രക്ടർമാരുടെ സ്റ്റാഫ് പാറ്റേൺ പുതുക്കി നിശ്ചയിച്ചത്. വകുപ്പിലെ ജൂനിയർ-സീനിയർ ഇൻസ്ട്രക്ടർമാരുടെ അനുപാതം 1:1 ആണ്. ഇൻസ്ട്രക്ടർമാരുടെ അനുപാതം (റേഷ്യോ) നിശ്ചയിക്കുമ്പോൾ ആകെ ഇൻസ്ട്രക്ടർ മാരുടെ എണ്ണമാണ് കണക്കാക്കി വരുന്നത്.

വ്യാവസായിക പരിശീലന വകുപ്പിൽ ആകെ 1743 ഇൻസ്ട്രക്ടർ തസ്തികകൾ അനുവദിച്ചിട്ടുണ്ട്. 1:1 എന്ന അനുപാതത്തിൽ 871 തസ്തികകൾ സീനിയർ ഇൻസ്ട്രക്ടർ തസ്തികയായി പരിഗണിക്കണം. സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് പരാമർശം (4) പ്രകാരം സ്ഥാനക്കയറ്റം നൽകിയതിന് ശേഷം ടി തസ്തികയിൽ നിലവിൽ 57 ഒഴിവുകളുണ്ട്. ടി ഒഴിവുകൾക്ക് പുറമെ സ്ഥാനക്കയറ്റം ലഭിച്ച ഒരാൾ ഡെപ്യൂട്ടേഷനിലായതിനാൽ നിലവിൽ വന്ന ഒഴിവ് കൂടി പരിഗണിക്കേണ്ടതുണ്ട്. വ്യാവസായിക പരിശീലന വകുപ്പിലെ സ്പെഷ്യൽ റൂൾ (കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 1971) ചട്ടം (6) പ്രകാരം സെൻട്രൽ ട്രെയിനിംഗ് ഇൻസ്റ്റിട്യൂട്ടിൽ നിന്നും ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് പൂർത്തീകരിച്ചവർക്ക് മാത്രമേ സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുള്ളൂ. എന്നാൽ തങ്ങളുടേതല്ലാത്ത കാരണത്താൽ ട്രെയിനിംഗിനു നിയോഗിക്കപ്പെടാത്ത ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ

ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ് എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച ഗ്രഡേഷൻ ലിസ്റ്റിലെ ചുവടെ ചേർക്കുന്ന ജൂനിയർ ഇൻസ്ട്രക്ടർമാർക്ക് നിലവിൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>ക്രമ നം. 433 - ശ്രീ. ബിജു. പി.ജെ</u>

ശ്രീ. ബിജു. പി.ജെ 28.08.2005 മുതൽ 22.08.2023 വരെയുള്ള കാലയളവിൽ ശൂന്യവേതനാവധി (App- XII- A പ്രകാരമുള്ള) യിലായിരുന്നു. ടിയാൻ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് പൂർത്തിയാക്കിയിട്ടില്ല. RPL മുഖേന ക്രാഫ്റ്റ് ഇൻസ്ട്രക്ടർ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുമില്ല. സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജൂനിയർ ആയ ജീവനക്കാർ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് പൂർത്തിയാക്കുകയും സീനിയർ ആയ ജീവനക്കാരൻ App- XII- A പ്രകാരമുള്ള ശൂന്യവേതനാവധിയിൽ ആയിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ Special Rule- ലെ Rule-6 – ന്റെ ആനുകൂല്യത്തിന് ശൂന്യവേതനാവധിയിലുള്ള ജീവനക്കാർ അർഹരല്ലെന്ന് 10.05.2022-ലെ GO (Rt) No.573/2022/LBR നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ ശ്രീ. ബിജു.പി.ജെയ്ക്ക് സീനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് സ്ഥാക്കയറ്റം അനുവദിക്കാൻ കഴിയുകയില്ല.

<u>ക്രമ നം. 662 - ശ്രീ. പ്രമോദ്.കെ, 1306 - ശ്രീ. മനോജ്.കെ, 1326 - ശ്രീ. അർജ്ജുനൻ.പി</u>

ക്രമ നം. 662 . ശ്രീ. പ്രമോദ്.കെ, 1306- ശ്രീ. മനോജ്.കെ, 1326- ശ്രീ. അർജ്ജുനൻ.പി എന്നിവർ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് വിജയകരമായി പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ ടി ജീവനക്കാർക്ക് സ്ഥാനക്കയറ്റം അനുവദിക്കുന്നതിന് കഴിയുകയില്ല.

<u>ക്രമ നം. 666 - പ്രദീപ്.എ കുമാർ</u>

ടിയാൻ 12.08.2008 മുതൽ 10.08.2023 വരെയുള്ള കാലയളവിൽ App- XII- A പ്രകാരം ശൂന്യവേതനാവധിയിലായിരുന്നു. ടിയാൻ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിന് പങ്കെടുത്തിട്ടില്ല. 10.05.2022-ലെ GO (Rt) No.573/2022/LBR പ്രകാരം ടിയാന് സ്ഥാനക്കയറ്റത്തിന് അർഹതയില്ല.

<u>ക്രമ നം. 1217 - ശ്രീ അനിൽകുമാർ. എസ്</u>

ടിയാൾ സേവനത്തിൽ പ്രവേശിച്ച ശേഷം 26.12.2015 മുതൽ 14.08.2020 വരെയുള്ള കാലയളവിൽ ശൂന്യ വേതനാവധിയിലായിരുന്നു. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനു മുൻപായാണ് ടിയാൻ ശൂന്യവേതനാവധിയിൽ പ്രവേശിച്ചത്. ഇതിനാൽ 15.08.2020-ൽ ടിയാൻ തിരികെ സേവനത്തിൽ പ്രവേശിച്ചപ്പോൾ സേവനത്തിലുണ്ടായിരുന്ന ജീവനക്കാർക്ക് താഴെയായി ആണ് ശ്രീ. അനിൽകുമാർ. എസ്-ന്റെ സീനിയോറിറ്റി ക്രമീകരിക്കേണ്ടത്. ആയതിനാൽ KSR Part I ചട്ടം 110 B App. XII A കുറിപ്പ്- 4 പ്രകാരം ടിയാന്റെ സീനിയോറിറ്റി പ്രാബല്യ തീയതി 15.08.2020 ആയി നിശ്ചയിക്കണം. ടിയാളുടെ സീനിയോറിറ്റി നിലവിലെ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നമ്പർ 1897 ശ്രീ. ആദർശ്. വി - യ്ക്ക് താഴെയായി മാത്രമേ പരിഗണിക്കാൻ കഴിയുകയുള്ളൂ. ആയതിനാൽ ശ്രീ. ആദർശ്. വി - യ്ക്ക് സ്ഥാനക്കയറ്റം ലഭിക്കുന്ന മുറയ്ക്ക് മാത്രമെ ശ്രീ. അനിൽകുമാർ. എസ്-ന് സ്ഥാനക്കയറ്റം ലഭിക്കുകയുള്ളൂ.

<u>ക്രമ നം. 1416 - നാസർ പി.സി</u>

ടിയാൻ 06.10.2017 മുതൽ 30.09.2022 വരെ App. - XII- A പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നു. KSR Part 1 ചട്ടം 110 B പ്രകാരം അനുവദിക്കുന്ന App. - XII- A പ്രകാരമുള്ള അവധികളുടെ നിബന്ധന -4 പ്രകാരം ടിയാൾ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ തിരികെ സേവനത്തിൽ പ്രവേശിച്ചു. 01.10.2022 മുതൽ മാത്രമെ സീനിയോറിറ്റിക്ക് അർഹതയുള്ളൂ.

**ക്രമ നം. 1612 - ശ്രീമതി. നയന.എൻ**

ശ്രീമതി. നയന.എൻ പ്രബേഷൻ പൂർത്തീകരിക്കുന്നതിനു മുൻപ് 08.01.2019 മുതൽ 07.01.2022 വരെ App- XII- B പ്രകാരം ശൂന്യവേതനാവധിയിൽ ആയിരുന്നു. ടിയാൾ സേവനത്തിൽ തിരികെ പ്രവേശിച്ച 08.01.2022 പ്രാബല്യത്തിൽ മാത്രമെ KSR ഭാഗം –I XII B പ്രകാരമുള്ള നിബന്ധന (ii) പ്രകാരം സീനിയോറിറ്റിക്ക് അർഹതയുള്ളൂ. ആയതിനാൽ നിലവിൽ സ്ഥാനക്കയറ്റത്തിന് പരിഗണിക്കാൻ കഴിയുകയില്ല.

**ക്രമ നം. 1694 - അരുൺ രാജ് കെ**

ടിയാൻ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് വിജയിക്കുകയോ RPL മുഖേന ക്രാഫ്റ്റ് ഇൻസ്ട്രക്ടർ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാനുള്ള നിർദ്ദേശം പാലിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ KCTSSR - 1971- ലെ ചട്ടം (6) പ്രകാരമുള്ള ഇളവിന് ടിയാൻ അർഹനല്ല. ആയതിനാൽ ടിയാനെ സ്ഥാനക്കയറ്റത്തിനായി പരിഗണിക്കുവാൻ കഴിയുകയില്ല.

**ക്രമ നം. 1721 - സണ്ണി ജോൺ**

ശ്രീ. സണ്ണി ജോൺ CTI ട്രെയിനിംഗ് വിജയിക്കുകയോ RPL മുഖേന ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിന് രജിസ്റ്റർ ചെയ്യണമെന്ന് വകുപ്പിന്റെ നിർദ്ദേശം പാലിക്കുകയോ ചെയ്തിട്ടില്ല. ആയതിനാൽ KCTSSR–(6) ന്റെ ആനുകൂല്യത്തിന് അർഹതയില്ല.

പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച ഗ്രഡേഷൻ ലിസ്റ്റിലെ ചുവടെ ചേർക്കുന്ന ജൂനിയർ ഇൻസ്ട്രക്ടർമാർക്ക് ചുവടെ ചേർത്തിട്ടുള്ള കാരണങ്ങളാൽ സ്ഥാനക്കയറ്റത്തിന് അർഹതയുണ്ടായിരിക്കുന്നതാണ്.

1727-ശ്രീ. മഹേഷ്.കെ.ആർ, ജൂനിയർ ഇൻസ്ട്രക്ടർ (ടെക്നീഷ്യൻ മെഡിക്കൽ ഇലക്ട്രോണിക്സ്), 1729- ശ്രീമതി. പ്രജില.സി.പി, (ജൂനിയർ ഇൻസ്ട്രക്ടർ TME), 1742-ശ്രീ. ബോബി.സി.റ്റി (ജൂനിയർ ഇൻസ്ട്രക്ടർ -ഡിജിറ്റൽ ഫോട്ടോഗ്രാഫർ) എന്നിവർക്ക് അവരുടെ ട്രേഡുകളിൽ CTI ട്രെയിനിംഗ് അല്ലെങ്കിൽ RPL മുഖേനയുള്ള പരീക്ഷ ഇല്ലാത്തതിനാൽ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ സർട്ടിഫിക്കറ്റ് നേടുന്നതിന് സാധിച്ചിട്ടില്ല. ടി ജീവനക്കാർക്ക് KCTSS Special Rule (6)- ന്റെ ആനുകൂല്യത്തിന് അർഹതയുണ്ട്.

ക്രമ നമ്പർ 1707 ശ്രീ.അലക്സ്.എസ്.പി നിലവിൽ കേരള രാജ് ഭവനിൽ ഡെപ്യൂട്ടേഷനിൽ സേവനമനുഷ്ഠിക്കുന്നതിനാൽ ടിയാന്റെ ഒഴിവിൽ ഒരാൾക്ക് കൂടി സ്ഥാനക്കയറ്റത്തിന് അർഹതയുണ്ട്.

പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച ഗ്രഡേഷൻ ലിസ്റ്റിലെ ക്രമ നമ്പർ 1752 വരെയുള്ള ജൂനിയർ ഇൻസ്ട്രക്ടർമാരെയാണ് ജനറൽ കോട്ടയിലും ഡിപ്ലോമ കോട്ടയിലും സ്ഥാനക്കയറ്റത്തിനായി പരിഗണിക്കുന്നത്. മേൽ സാഹചര്യത്തിൽ പരാമർശം (5) പ്രകാരം പ്രസിദ്ധീകരിച്ച ഗ്രഡേഷൻ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള താഴെ പറയുന്ന ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലെ ജീവനക്കാർക്ക് കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് 1971 ചട്ടം 3 (2), ചട്ടം 6, പരാമർശം (3) ലെ സർക്കാർ ഉത്തരവ് എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായി 1958-ലെ കേരള സബോർഡിനേറ്റ് സർവ്വീസ് റൂൾസ് 28 (എ) പ്രകാരം അവരുടെ പേരിന് നേരെ രേഖപ്പെടുത്തിയിരിക്കുന്ന തീയതി പ്രാബല്യത്തിൽ ടി പട്ടികയിലെ ക്രമ നം. 1 മുതൽ 58 വരെയുള്ള ജീവനക്കാർക്ക് 39300 - 83000 രൂപ ശമ്പള നിരക്കിൽ സീനിയർ ഇൻസ്ട്രക്ടർമാരായി ഉദ്യോഗക്കയറ്റം നൽകി ഉത്തരവാകുന്നു.

| SL.No | Sl.No. in Gradation List | Name of Employee | Quota | Date of effect of Promotion |
|---|---|---|---|---|
| 1 | 1335 | K S BABURAJ | G | 10-07-2023 |
| 2 | 552 | ALAVIKUTTY T M | G | 19-09-2023 |
| 3 | 1697 | MILANDAS P | D | 19-09-2023 |
| 4 | 1692 | SIVANANDAN G | G | 19-09-2023 |
| 5 | 1695 | SRUTHI CHANDRAN P K | G | 19-09-2023 |
| 6 | 1698 | SUDHEESH R S | G | 19-09-2023 |
| 7 | 1699 | BIJESH BABU T P | D | 19-09-2023 |
| 8 | 1700 | GIRISH K | G | 19-09-2023 |
| 9 | 1701 | SINDHU.S | G | 19-09-2023 |
| 10 | 1702 | JULIE GEORGE | G | 19-09-2023 |
| 11 | 1703 | SEEMA KUMARI A | D | 19-09-2023 |
| 12 | 1704 | SINJU P RAJAN | G | 19-09-2023 |
| 13 | 1705 | ABDUSSAMAD P | G | 19-09-2023 |
| 14 | 1706 | SHIHAB V A | G | 19-09-2023 |
| 15 | 1708 | JINESH KRISHNAN N | D | 19-09-2023 |
| 16 | 1707 | ALEX S P | G | 19-09-2023 |
| 17 | 1709 | SHAILESHA C H | G | 19-09-2023 |
| 18 | 1711 | ISMAIL K | G | 19-09-2023 |
| 19 | 1717 | BIJU PAUL | D | 19-09-2023 |
| 20 | 1712 | RATHISH KUMAR S | G | 19-09-2023 |
| 21 | 1713 | RENUKA G | G | 19-09-2023 |
| 22 | 1714 | SREEKUMAR R | G | 19-09-2023 |
| 23 | 1718 | JOSE C A | D | 19-09-2023 |
| 24 | 1715 | SANIL M R | G | 19-09-2023 |
| 25 | 1716 | MURALEEDHARAN S | G | 19-09-2023 |
| 26 | 1719 | SIJO C. JOSE | G | 19-09-2023 |
| 27 | 1722 | SHYJA M | D | 19-09-2023 |
| 28 | 1720 | SUNITHA P P | G | 19-09-2023 |
| 29 | 1723 | SHAJI C CHATHANANDY | G | 19-09-2023 |
| 30 | 1724 | BIBITHA K L | G | 19-09-2023 |

| | | | | |
|---|---|---|---|---|
| 31 | 1725 | MAHESH V P | D | 19-09-2023 |
| 32 | 1726 | VRINDA AS | G | 19-09-2023 |
| 33 | 1727 | MAHESH K R | G | 19-09-2023 |
| 34 | 1728 | RESHMI PAVITHRAN | G | 19-09-2023 |
| 35 | 1729 | PRAJILA C P | D | 19-09-2023 |
| 36 | 1730 | KRISHNA S KURUP | G | 19-09-2023 |
| 37 | 1731 | SHAMNA EM | G | 19-09-2023 |
| 38 | 1732 | MANJUSREE N | G | 19-09-2023 |
| 39 | 1736 | ROOBY V | D | 13-02-2024 |
| 40 | 1733 | SAREENA T A | G | 13-02-2024 |
| 41 | 1734 | JOGITHA K | G | 13-02-2024 |
| 42 | 1735 | JESMI JOSEPH K J | G | 13-02-2024 |
| 43 | 1737 | PRATHIBHA M P | D | 13-02-2024 |
| 44 | 1738 | JACOB JAVIN | G | 01-04-2024 |
| 45 | 1739 | NOORMUHAMMAD N M | G | 30-04-2024 |
| 46 | 1740 | ULLAS K | G | 19-05-2024 |
| 47 | 1741 | BINI U S | D | 19-05-2024 |
| 48 | 1742 | BOBY C T | G | 01-06-2024 |
| 49 | 1743 | AKHIL K A | G | 01-06-2024 |
| 50 | 1744 | AKHIL MURALY | G | 01-06-2024 |
| 51 | 1745 | PRASANTH BABU | D | 01-06-2024 |
| 52 | 1746 | SAMU SLEEBA THOMSON | G | 01-06-2024 |
| 53 | 1747 | MANEESH M S | G | 01-06-2024 |
| 54 | 1748 | RAJU V BHANU | G | 01-06-2024 |
| 55 | 1750 | SYAM G NAIR | D | 01-06-2024 |
| 56 | 1749 | ASWIN D | G | 01-06-2024 |
| 57 | 1751 | JASEER V | G | 01-06-2024 |
| 58 | 1752 | REYA NENMANI | G | 01-06-2024 |

കേരള ക്രാഫ്റ്റ്സ്മാൻ ട്രെയിനിംഗ് സബോർഡിനേറ്റ് സർവ്വീസ് റൂൾ 6 ലെ വ്യവസ്ഥ പ്രകാരം ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിൽ പങ്കെടുക്കുന്നതിൽ നിന്നും സ്വമേധയാ ഒഴിവാകാത്തവർ എന്ന ആനുകൂല്യത്തിൽ ട്രെയിനിംഗിൽ പങ്കെടുക്കാതെ ഉദ്യോഗക്കയറ്റം ലഭിച്ച ഇൻസ്ട്രക്ടർമാർ (വകുപ്പിൽ നിന്ന് ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗിന് നിയോഗിച്ചിട്ടില്ലാത്തവർ) ട്രെയിനിംഗിന് നിയോഗിക്കുന്ന മുറയ്ക്ക് (RPL മുഖേനെയോ/ഡെപ്യൂട്ടേഷൻ മുഖേനെയോ) പങ്കെടുത്ത് വിജയകരമായി പൂർത്തിയാക്കേണ്ടതാണ്. ഇതിൽ വീഴ്ച്ച വരുത്തുന്ന ഉദ്യോഗസ്ഥരെ 22.08.2017 ലെ സ.ഉ

(സാധാ)നം. 71/2017/തൊഴിൽ ഉത്തരവിലെ 3(iii)-ലെ വ്യവസ്ഥ പ്രകാരം ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിലേക്ക് തരം താഴ്ത്തുന്നതാണ്. നിലവിൽ RPL മുഖേനെ ക്രാഫ്റ്റ് ഇൻസ്ട്രക്ടർ ട്രെയിനിംഗ് സ്കീമിൽ പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്തിട്ടുള്ള ജീവനക്കാർക്കും ടി ഉത്തരവിലെ വ്യവസ്ഥകൾ ബാധകമാകുന്നതാണ്.

സ്ഥാനക്കയറ്റം ലഭിക്കുന്ന ഉദ്യോഗസ്ഥർക്ക് നിയമപ്രകാരമുള്ള ശമ്പള ക്രമീകരണത്തിനും നിലവിലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിധേയമായ ശമ്പള കുടിശ്ശികയ്ക്കും അർഹതയുണ്ടായിരിക്കും.

(ഒപ്പ്)

ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്

സ്വീകർത്താവ് :- 1. സ്ഥാനക്കയറ്റം ലഭിച്ച ജീവനക്കാർ (സ്ഥാപന മേധാവികൾ മുഖേനെ)

2. എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും

പകർപ്പ് : 1. ബഹു.ഗവർണ്ണറുടെ പ്രിൻസിപ്പൽ സെക്രട്ടറി, കേരള രാജ് ഭവൻ (ആമുഖ കത്ത് സഹിതം)

2. ഡയറക്ടർ/അഡീഷണൽ ഡയറക്ടർ/ജോയിന്റ് ഡയറക്ടർ (സി.എ മുഖാന്തിരം)

3. കരുതൽ ഫയൽ (എ2)

//ഉത്തരവിൻ പ്രകാരം//

സീനിയർ സൂപ്രണ്ട്